# CHURCH VOICE

## CSI MATEER MEMORIAL CHURCH

Vol. 24 No. 05 Newsletter May, 2026






# Hearty Congratulations !

**Leo John Daniel B. J.** is grandson of Mrs. Jeeva Retnam E. and son of Mr. Biju K. R. and Mrs. Jasmine Rajeena Jones, Nanthan Nagar.

## Easter Concert by MM Church Choir

The Easter Concert by the MM Church Choir was conducted on Sunday, 5th April 2026 at 6:30 pm. We thank all choir members and everyone who participated and supported the program.


























# CHURCH VOICE

24th year of publication

MAY 2026

**ADDRESS**

The Chief Editor, Church Voice
M.M. Church, LMS
Compound, Trivandrum-33

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada Ph: 9447059891**


# CSI MATEER MEMORIAL CHURCH

## Regular Weekly Programme

| | | |
|---|---|---|
| Week Days | Morning Worship (Monday-Saturday) | 07.00am |
| | Online Morning Prayer (Monday-Saturday) | 05:00am |
| | Online Evening Prayer (Monday-Saturday) | 08:00pm |
| Sunday | Malayalam Service | 06:00am |
| | Tamil Service | 07.00am |
| | Malayalam Service | 08:30am |
| | English Service | 10:30am |
| | Malayalam Service | 04:15pm |
| | Sunday School | 10.30am |
| | Men's Fellowship | 10:30am |
| | Women's Fellowship | 10:30am |
| | Christian Endeavour Youth Fellowship | 11:30am |
| | BCL Union & JCF | 11.30am |
| | Choir Practice | 12.00noon |
| Monday | Bible Study | 05.00pm |
| | Vestry Prayer | 06.30pm |
| Tuesday | Circle Prayer | 06.30pm |
| Wednesday | Gospel Band Visit | 04:30pm |
| | Women's Fellowship | 04.30pm |
| Thursday | Senior Citizens' Fellowship | 04.30pm |
| | Worship & Witnessing Service | 06:15pm |
| Friday | Circle Prayer | 06:30pm |
| Saturday | Fasting Prayer (2nd Saturday) | 10:00am |
| | Guitar Class | 04:00pm |
| | Choir Practice | 05.00pm |
| | Young Family Fellowship | 05:30pm |

## CHURCH OFFICE

| | |
|---|---|
| Mr. Saju Stanley (Manager) | 9447470953 |
| Mr. Darwin D. L. (Accounts Clerk) | 9809748617 |
| Mr. Rajeev T. | 9895801012 |
| Mr. G. Wilson | 9447525339 |
| Mr. Anil Kumar | 9048361292 |

*“നീ നനവുള്ള*
*തോട്ടം പോലെയും*
*വെള്ളം*
*വറ്റിപ്പോകാത്ത*
*നീരുറവുപോലെയും*
*ആകും”*
*(യെശയ്യാവ് 58:11)*





# പത്രാധിപക്കുറിപ്പ്

മെയ് 2026, മെറ്റീർ മെമ്മോറിയൽ സഭയുടെ 188-ാം കോൺഗ്രിഗേഷണൽ ദിനാചരണ മാസം. വെല്ലുവിളികളുടെയും അർപ്പണത്തിന്റെയും വർഷമായി (Year of Challenges & Commitment) നാം ഇതിനെ ആചരിക്കുകയാണ്. സഭാജനങ്ങളെ ആകമാനം വ്യത്യസ്ത ഉത്തരവാദിത്വങ്ങൾ സധൈര്യം ഏറ്റെടുക്കാനായി സജ്ജമാക്കുന്നതിന്റെയും പുതിയ കർമ്മപദങ്ങൾ തിരഞ്ഞെടുക്കുന്നതിന് അനിവാര്യമായ സമർപ്പണത്തോട് ക്രിയാത്മകമായി പ്രതികരിക്കുന്നതിന്റെയും വർഷമായി 2026 മാറേണ്ടതുണ്ട്.

'പണ്ടുള്ള പൂർവകാര്യങ്ങളെ ഓർത്തുകൊള്ളുവിൻ, ഞാനല്ലാതെ വേറൊരു ദൈവവുമില്ല' (യെശ. 46:9). കഴിഞ്ഞ തലമുറകളെ നടത്തിയ ദൈവത്തിലേക്കും, വിശ്വാസ പാരമ്പര്യങ്ങളിലേക്കുമുള്ള മടങ്ങിപ്പോക്കാണിത്. അബ്രഹാമിന്റെയും ഇസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, ജനമല്ലാതിരുന്നവരെ തന്റെ ജനമാക്കിയ ദൈവം. കാലാകാലങ്ങളിലൂടെ നമ്മുടെ ജനത്തിന്റെ ജീവിത യാഥാർദ്ധ്യങ്ങളിലേക്ക് ഇറങ്ങി വന്ന ദൈവം. നമ്മുടെ വിശ്വാസ പാതയിലും ചരിത്രഗതിയിലും നമ്മോടൊപ്പം സഞ്ചരിച്ച ദൈവം. നമ്മെ ഒരിക്കലും ഉപേക്ഷിക്കാത്ത ദൈവം. ഈ മിഷണറി ചരിത്രവും പരിപോഷണവുമാണ് ഓരോ ചുവടും മുന്നോട്ട് വയ്ക്കാൻ നമ്മെ സഹായിക്കുന്നത്. നമ്മുടെ യാത്രയ്ക്ക് ഊർജം പകരുന്നത്.

ഇസ്രായേൽ മക്കളെ കീഴടക്കിയ ബാബിലോണ്യ പ്രവാസം ദീർഘകാലത്തേക്കുള്ളതായിരുന്നില്ല. സമാനമായ സാഹചര്യമാണ് വാർത്തമാനകാലത്ത് നാം അനുഭവിക്കുന്നത്. മിഷനറിമാർ കാട്ടിത്തന്ന വിശ്വാസഗതിയിൽ നിന്നും തെന്നിമാറി പുതിയ സമൃദ്ധികളുടെയും, സംരക്ഷണത്തിന്റെയും ദൈവങ്ങളെ നാം പേറുകയാണിന്ന്. അതിനാൽത്തന്നെ പൂർവകാര്യങ്ങളിലേക്കും വിശ്വാസത്തിന്റെ ഗതകാല പ്രൗഢിയിലേക്കും, മടങ്ങുക എന്നത് കാലം നമ്മോടാവശ്യപ്പെടുന്ന ഉത്തരവാദിത്തമാണ്. നമ്മുടെ പൂർവീകരെയും സഭാപിതാക്കന്മാരെയും ശുശ്രൂഷകരെയും മാതാപിതാക്കളെയും വഴിനടത്തി പരിപാലിച്ച അരുമനാഥനെ വിസ്മരിക്കാതെയുള്ള മുന്നേറ്റമാണ് നാമിന്ന് ഏറ്റെടുക്കേണ്ടത്. അങ്ങനെയെങ്കിൽ, ദൈവത്തോട് അടുത്ത് ചെല്ലാം, ദൈവത്തിൽ വസിക്കാം.

എം.എം.ചർച്ചിന്റെ 188-ാം കോൺഗ്രിഗേഷണൽ ദിനം അനുസ്മരിച്ച് 10-05-2026 -ൽ ദൈവത്തിന് സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്ന ഈ

വേളയിൽ, നിശബ്ദരും, നിഷ്ക്രിയരുമായി ഇരിക്കുവാൻ നമുക്ക് അവകാശമില്ല. മാത്രമല്ല, എം. എം. ചർച്ച് ദൈവാലയ നിർമിതിയുടെ ഡബിൾ ഡയമണ്ട് (120-ാം വർഷം) ജൂബിലി ആഘോഷിക്കുന്ന ഈ ആണ്ടിൽ നാം വിഭാവനചെയ്ത് നടപ്പിലാക്കിവരുന്ന 12 വിവിധ പദ്ധതികളും കാര്യപരിപാടികളും വിജയകരമായി പൂർത്തീകരിക്കുന്നതിന് നാം പ്രതിജ്ഞാബദ്ധരാണ്. അതിലെല്ലാം സജീവമായി പങ്കാളികളായിരിക്കുന്നവർക്കായി ദൈവത്തിന് സ്തോത്രം.

മിഷ്ണറി പാരമ്പര്യങ്ങളുടെയും പ്രോജ്ജ്വലമായ ആത്മീയ പ്രവർത്തനങ്ങളുടെയും നന്മകൾ അനുഭവിച്ച ഒരു എൽ. എം. എസ്. സമൂഹത്തിന് നേരിടേണ്ടിയിരിക്കുന്ന വെല്ലുവിളികളെ ക്രിസ്തു ദൗത്യ നിർവഹണത്തിന് അനുയോജ്യമായ ഊർജസ്രോതസ്സായി ഏറ്റെടുത്ത് മുന്നേറാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ.

*പത്രാധിപർ*



# പ്രതിവാര ധ്യാനം

മെയ് 3

**വികാരാധീനമായ സ്നേഹത്തിൽ യേശുവിനോടൊപ്പം നടക്കുവിൻ**

*യിരെ. 31:1-6, സങ്കീ. 63, എഫെ. 3:14-19, യോഹ. 21:15-19*

മെയ് 10

**സുവാർത്ത പ്രഘോഷിക്കുവിൻ:സാദ്ധ്യമായ എല്ലാ വിധത്തിലും**

*യെശ. 41:8-13, സങ്കീ. 110, എബ്രാ. 13:1-8, മത്താ. 28:16-20*

മെയ് 17

**പരിശുദ്ധാത്മാവ്:ഉള്ളിൽ അധിവസിക്കുന്ന സാന്നിദ്ധ്യത്തിന്റെ വാഗ്ദത്തം**

*യെശ. 59:14-21, സങ്കീ. 143, എബ്രാ. 10:8-18, യോഹ. 14:15-21*

മെയ് 24

**പെന്തക്കൊസ്ത്:ശബ്ദഭരിതമായ ലോകത്തിൽ ദൈവശബ്ദം കേൾക്കുക**

*1 രാജാ. 19:11-18, സങ്കീ. 29, അപ്ര. 2:1-13, യോഹ. 20:19-23*

മെയ് 31

**ത്രിത്വം:ദിവ്യ സ്നേഹ സംസർഗം**

*യെശ. 48: 12-17, സങ്കീ. 33, എഫെ. 1:3-14, യോഹ. 3:8-16*

# M M CHURCH ACTIVITIES - 2026
# FIRST QUADMESTER REPORT

**Introduction:** During January 2026, the elected church committee of Mateer Memorial Church consisting of Dr. Christenson E. Sarasam, Mr. L.J. Padmakumar, Er. M. Sam Moses, Dr. Arthur Jacob, Adv. Sarjine Thomas, Adv. Roy Y.A., Er. Ceragil Austin Prince, Dr. Sajitha Sanjeev and Er. Suguna J. Johnson (with Secretary Dr. Samson Nessiah and Accountant Er. Joshi Das Y. S.) was guiding the mission and ministry of MM Church under the leadership of Rev. D. Jacob as Presbyter-in - Charge and Treasurer. The elections of all sub-organisations of the Church were conducted and their committees are conducting the activities according to a well drawn year plan.

Without any prior notice, our beloved Presbyters both Rev. Dr. Crispin Baju ( who completed only one year ministry amidst us) and Rev. D. Jacob (who just had three months ahead of his retirement) were transferred mercilessly. Though we lost their spiritual leadership, our activities are progressing unhindered and quarterly reports are given below for the prayerful support of our congregation.

## BCL & JCF

MM Church Boys & Girls meet in the TJM Hall for one hour at 11.30 am every Sunday for a time to nurture their talents. They are trained in worship, prayer, Bible Quiz and Christian leadership.

Several children have earned self-confidence and capacity to face an audience.

## SUNDAY SCHOOL

The Sunday School for the year 2026 commenced on 18th January with a total strength of 485 students and 72 teachers. Classes are conducted every Sunday from 10:30 am to 11:30 am.

As part of academic and spiritual development, an Exam-Oriented Training Program was successfully organized on 15th February 2026 at TJM Hall. The session was led by Rev. Fr. Saji Mekkat, providing valuable guidance to students in preparation for their examinations.

The Vacation Bible School (VBS) was held from 12th April 2026 to 19th April 2026, offering a week of spiritual activities, learning sessions and fellowship for the students.

Overall, the Sunday School activities during this period were conducted successfully with the active participation of both students and teachers.

**CHRISTIAN ENDEAVOUR YOUTH FELLOWSHIP**

The Christian Endeavour Youth Fellowship (CEYF) has been actively engaged in regular and special initiatives over the past four months, contributing both to spiritual growth and community service.

**Weekly Meetings:** Regular youth meetings are conducted every Sunday from 11:45 AM to 12:45 PM. These sessions are organized and led by youth members, who are divided into four teams. Each team takes turns in leading the meetings in a rotational cycle, encouraging participation, leadership, and responsibility among members.

**SPECIAL EVENTS**

**1. Republic Day Celebrations:**

The youth actively led the flag hoisting ceremony, demonstrating their involvement in national observances.

**2. Food Distribution Campaign (March 8):**

A community outreach initiative was conducted where food was distributed to the needy along the streets, reflecting the fellowship's commitment to service and compassion.

**3. Good Friday Service Support:**

CEYF organized and served refreshments for the entire church. This included payar kanji for lunch and refreshing juices throughout the day, supporting the congregation during a significant spiritual occasion.

**4. Teens Camp- "GOAL 2026" (April 8-11):**

A multi-day camp was successfully conducted for teens, fully led by CEYF. The camp featured invited speakers including Mr. Benzig Miranda, Mr. Manoj Kenneth, Adv. Sarjine Thomas and Dr. Aneesh providing valuable teaching, encouragement and engagement for participants.

## YOUNG FAMILY FELLOWSHIP

By the grace of God, The Young Family Fellowship of MM Church started the activities of the year with dedication service on 7$^{th}$ February 2026. Reqular weekly meetings are conducted on Saturday evenings and on 28$^{th}$ February Bible Quiz was conducted with the aim of encouraging Bible Study.

A sum of Rs.1,15,000 was disbursed as medical aid to five families and for a marriage of Rs. 25,000 was given to one family. Moreover we were able to give Rs. 2,000 each to nine families (totalling Rs. 72,000) every month.

## WOMEN'S FELLOWSHIP ACTIVITIES

The Women's Fellowship Members' Meeting was held on 11-01-2026 under the Chairmanship of Rev. Jacob D. and the office bearers and committee members for the MM Church Women's Fellowship for the year 2026 were elected.

Regular fellowship meetings are scheduled on Wednesdays at 4:30 pm and on Sundays at 10:30 am.

The inaugural session of this year's fellowship activities was conducted at the candlelight evening service on 28-01-2026. Mrs. Daisy Jacob, wife of the Honourable Minister T. M. Jacob was the chief guest

of the meeting. Special prayers were offered remembering the women in Nigeria. A skit was also presented, highlighting the strong women characters in the Bible.

An outreach program was organized at CSI Church, Kulasekharam on 20-03-2026 under the leadership of Rev. C. Jayan, Rev. Edwin Sobhita (CSI Church Kulasekharam) and Associate Pastor Rev. Christin Donal. Following the worship session, the members visited nearby places such as Thirparappu and Mathoor Thottipalam.

**SENIOR CITIZENS' FELLOWSHIP**

First meeting for the year 2026 was held on 11th January 2026. Office bearers were elected, Rev. C Jayan chaired the meeting. Regular SCF meetings are being conducted on Thursdays at 4.30 pm in the church. Last Thursday of every month we are celebrating as Talents' Day. Mrs. Gricilda Wills leads the programme. One day, Dr. Christenson E. Sarasam was our guest speaker in our weekly meeting.

Cottage prayer was conducted at the residence of Sri . Isen on 27th February. Rev. Shiju R. Das was the speaker. One day retreat was organised at C S I Parathy on 27th March under the leadership of Rev. Thankaraj and we contributed Rs. 20,000 for the Church renovation.

**CHURCH CHOIR**

By the Grace of God, the MM Church Choir has been leading the congregation in singing in all the 5 worship services on Sundays. Practices are conducted regularly on Saturday evenings and Sundays after the worship services.

Assisted in singing during 24 marriages. Convention Choir led the singing during Passion Week Convention held from 30-03-2026 to 04-04-2026. Easter Concert was conducted on 05-04-2026, with the participation of Church Choir, Junior Choir and Children's Choir. The Junior Choir participated in a competition hosted by Kattakada CSI Church on 19-04-2026.

# CALLED TO WORK AS UNTO THE LORD

**Prof. Renchy Koshy Verghese**

The first day in the month of May **(May Day)** is declared as the World Labour Day. Since 1889, it has become the holiday of the organized labour force, all over the world, so selected by the International Socialist Congress. It is a day when we specially remember and recognize the working class people-- those who labour with their hands in factories and fields.

God our Heavenly Father is a labouring God. God laboured for six days to bring into existence all that is created : the heavens, the earth and all that is in it, animals, birds, insects, plants, trees and finally human beings the crown of God's creation. God wants us human beings who are created in His image to labour on the land and produce the food and other items required for our every day life. In fact productive work is a gift of the creator God, who found joy and delight in the work of creation and to labour is to continue the work of God by human beings on the earth.

**God is still at work all around us in all situations; in different circumstances even in difficulties He is continuously active, always with His ultimate purposes in mind. God is so wonderful in that He, who is self-sufficient, shares His work with us, human beings, inviting us to be His co-labourers.**

In Ecclesiastes Ch. 5:18 & 19, we are urged to enjoy our every day work. **We are called upon to work as unto the Lord**. We should be wise and able stewards of the trust and talents that God has placed with us. We are urged to work hard to make an honest living.

The Bible, does not value "spiritual work" more than "lowly" labour. One time Jesus Christ did the work of the lowest servant in the household by ‘washing his disciples feet’. **Indeed, it is wrong to value 'secular work' more than 'spiritual' work or Christian "ministry" in the narrow sense.** God calls us to do both and both are 'sacred' in God's

sight. We have all been given our work by God and each has its part in building the Kingdom.

St. Paul by his own example placed a high value on supporting himself by manual labour. He was a missionary who had a right to be financially supported by the Christian Churches, yet he chose to work with his own hands.

In II Thessolonians Chapter 3 verses 6-15, we read that some believers in the Church at Thessolonica felt that they need not work any longer because they were taught that the Lord Jesus could return any time. But Paul commands them to work hard and not to become lazy. In fact, he says 'No work -No food'. Paul's value of work is clearly related to God's plan for people in creation. **God wants us to enjoy our everyday work - whether it is mundane or missionary, we are urged to stay busy in our work.** We need to recognize that all kinds of work are important; we must pray that we may use our talents and work to help others and together find joy in God's creation. May God our Heavenly Father help us to find joy and fulfillment in our everyday work situations.

## "I CAN SEE THE MOON"

An old man was a witness in a burglary case. The defense lawyer asked Jacob, "Did you see my client commit this burglary?"

"Yes" said Jacob, "I saw him plainly take the goods".

The lawyer asks Jacob again, "Jacob, this happened at night. Are you sure you saw my client commit this crime"?

"Yes" says Jacob "I saw him doing it."

Then the lawyer asks Jacob "Listen, you are 80 years old and your eye sight is probably bad. Just how far you can see at night?"

Jacob says, "I can see the Moon, how far is that"!

# നമ്മുടെ മെറ്റീർ മെമ്മോറിയൽ ചർച്ചിന്റെ 188-ാം കോൺഗ്രിഗേഷണൽ ദിനാചരണം

ഡോ. ക്രിസ്സ്

**എം.എം. ചർച്ചിന്റെ കോൺഗ്രിഗേഷൻ ചരിത്രത്തിന് 188 വർഷത്തെ പങ്കുണ്ട്.** ദൈവത്തിന്റെ അനന്തമായ കൃപയാലും കാരുണ്യത്താലും, ഈ മാസത്തിൽ നാം ഒരു ചരിത്ര സംഭവത്തിന് സാക്ഷ്യം വഹിക്കുകയാണ്. ഈ സ്തുതി സ്തോത്ര സന്ദർഭത്തിൽ പങ്കാളികളാകാൻ ദൈവം നമ്മുടെ ആയുസ്സിൽ ഒരു അവസരം കൂടെ നൽകിയതിനെ ഓർത്ത് നമുക്ക് നന്ദിയുള്ളവർ ആയിരിക്കാം.

**1838 മെയ് 13 തിരുവനന്തപുരത്തെ പ്രൊട്ടസ്റ്റൻറ് സഭയുടെ ചരിത്രത്തിലെ ഒരു ശ്രദ്ധേയമായ ദിവസമായിരുന്നു.** അന്ന് എൽ.എം.എസ്. മിഷണറി ജോൺ റോബർട്സിന്റെ പേട്ടയിലെ വസതിയിൽ മിഷണറി ജോൺ കോക്സ് തമിഴ് ആരാധന ആരംഭിച്ചു. തിരുവനന്തപുരത്ത്, ഭാരതീയരുടെ ആദ്യത്തെ പ്രൊട്ടസ്റ്റന്റ് ആരാധനയാണ് ഇതെന്ന് കരുതപ്പെടുന്നു.

**കേണൽ ഫ്രേസറുടെ** നേതൃത്വത്തിലും പിന്തുണയിലും പാളയത്ത് കൺറ്റോൺമെന്റിന് സമീപം ഒരു ചാപ്പൽ നിർമ്മിക്കപ്പെട്ടു. അത് പ്രധാനമായും തിരുവനന്തപുരത്തെ താമസക്കാരായ യൂറോപ്പിയൻമാരുടെ ആരാധനയ്ക്കുവേണ്ടി ആയിരുന്നു. ഇന്നത്തെ യൂണിവേഴ്സിറ്റി ലൈബ്രറിക്ക് സമീപം നിർമിച്ച **ഈ ചാപ്പൽ അഥവാ പള്ളി കെട്ടിടം 1838 ആഗസ്റ്റ് 5-ന് തുറക്കപ്പെട്ടു.** അത് **മിഷണറി ജോൺ കോക്ക്സിന്റെ** സംരക്ഷണയിലായി. പേട്ടയിൽ നടത്തപ്പെട്ടിരുന്ന തമിഴ് ആരാധനക്രമേണ ഈ പള്ളിയിലേക്ക് മാറ്റുകയും, ഇംഗ്ലീഷ് ആരാധനക്ക് ശേഷം നടത്തുകയും ചെയ്തു. ഒടുവിൽ മലയാള ആരാധനയും ആരംഭിച്ചു.

**'തിരുവനന്തപുരം പ്രൊട്ടസ്റ്റന്റ് ചർച്ച്'** എന്നാണ് ഈ കൺറ്റോൺമെന്റ് സഭ അറിയപ്പെട്ടിരുന്നത്. ഇതാണ് നമ്മുടെ സഭയായ മെറ്റീർ മെമ്മോറിയൽ ചർച്ചിന്റെ മാതൃ പള്ളി. യൂറോപ്പ്യൻമാരുടെ ആരാധന 1856-ൽ, സമീപത്ത് പുതുതായി നിർമ്മിച്ച ഇംഗ്ലീഷ് പള്ളിയിലേക്ക് മാറ്റിയതിനുശേഷവും, അവരുടെ പഴയ ചാപ്പലിൽ എൽ.എം.എസ്. ആരാധന തുടർന്നും നടത്തിയിരുന്നു.

ജോൺ കോക്സ് 1861 വരെ പ്രവത്തനങ്ങൾക്ക് നേതൃത്വം നൽകി. ബെൽഫോഡ് തിയോളജിക്കൽ കോളേജിൽ പഠിച്ച റവ. സാമുവൽ മെറ്റീറിനെ എൽ.എം.എസ്. ഡയറക്ടർ ബോർഡ് 1859–ൽ തിരുവിതാംകൂറിലെ മിഷണറിയായി നിയോഗിച്ചു. അങ്ങനെ അദ്ദേഹം തിരുവനപുരത്തെ മിഷനിൽ റവ. ജോൺ കോക്ക്സിന്റെ പിൻഗാമിയായി.

തിരുവനന്തപുരത്ത് ശുശ്രൂഷിച്ച ഏറ്റവും പ്രശസ്തരായ മിഷനറിമാരിൽ ഒരാളായിരുന്നു റവ. സാമുവൽ മെറ്റീർ. തന്റെ പ്രവർത്തനം അധഃസ്ഥിതരുടെ ഇടയിൽ കേന്ദ്രീകരിച്ചതിനാൽ, മേൽ ജാതിക്കാരാൽ അദ്ദേഹം അടിച്ചമർത്തപ്പെട്ടു; **'പുലയ പാതിരി'** എന്ന നാമത്തിൽ പരിഹസിക്കപ്പെട്ടു. അദ്ദേഹം പ്രതിബദ്ധതയുള്ള ഒരു മിഷനറിയായിരുന്നു. 'നേറ്റിവ് ലൈഫ് ഇൻ ട്രാവൻകൂർ', 'ദ ലാൻഡ് ഓഫ് ചാരിറ്റി', 'ഗോസ്പൽ ഇൻ സൗത്ത് ഇന്ത്യ' എന്നിവയാണ് അദ്ദേഹത്തിന്റെ പ്രസിദ്ധീകരിക്കപ്പെട്ട പ്രസിദ്ധമായ പുസ്തകങ്ങൾ. ചിത്രങ്ങളും സംഗീതവും ഉപയോഗിച്ച് സുവിശേഷം പ്രചരിപ്പിക്കാൻ അദ്ദേഹം ഇൻഡ്യാക്കാരെ പ്രോത്സാഹിപ്പിച്ചു. പുത്തൻചന്തയിൽ അദ്ദേഹം ആരംഭിച്ച വായനശാല ഇപ്പോൾ **സി.എൽ.എസ്. പുസ്തകശാല പ്രവർത്തിക്കുന്നത്. തിരുവനന്തപുരം വൈ.എം.സി.എ. യുടെ** സ്ഥാപക പ്രസിഡന്റാണ് റവ. സാമുവൽ മെറ്റീർ.

പുതുതായി വാങ്ങിയ **'ക്യാപ്റ്റൻ ഡേവിഡ്സൺ കോമ്പൗണ്ടിൽ'** അതിമനോഹരമായ ഒരു ദൈവാലയം പണിയണമെന്നത് റവ. സാമുവൽ മെറ്റീറിന്റെ തീവ്രമായ ആഗ്രഹമായിരുന്നെങ്കിലും, 1891–ൽ രോഗബാധിതനായി ഇംഗ്ലണ്ടിലേക്ക് മടങ്ങിയ അദ്ദേഹം 1893 ക്രിസ്തുമസ്സ് രാവിൽ 58–ാം വയസ്സിൽ കർത്തൃസന്നിധിയിൽ പ്രവേശിച്ചു. 1900–ൽ **റവ. ആർതർ പാർക്കർ** തിരുവന്തപുരത്തെ മിഷന്റെ ചുമതല ഏറ്റെടുത്തു. മിഷൻ സെന്ററിൽ (എൽ.എം.എസ്. കോമ്പൗണ്ടിൽ), റവ. സാമുവൽ മെറ്റീറിന്റെ സ്മരണക്കായി ഒരു മെമ്മോറിയൽ ദൈവാലയം പണിയാൻ പരിശ്രമം നടത്തി. 1902–ൽ പള്ളി കെട്ടിടത്തിന്റെ പണി ആരംഭിച്ചു. നമ്മുടെ പൂർവ പിതാക്കന്മാരായ സഭാംഗങ്ങളായ കോൺട്രാക്ടർമാരുടെ മേൽനോട്ടത്തിൽ കൽപ്പണിയും ആശാരിപ്പണിയും പൂർത്തീകരിച്ച് **1906–ൽ മെറ്റീർ മെമ്മോറിയൽ ദൈവാലയം പ്രതിഷ്ഠിക്കപ്പെട്ടു.**

നമ്മുടെ എം.എം. ചർച്ചിന് ദൈവം ചെയ്ത എല്ലാ നന്മകളും ഓർത്ത് ദൈവത്തിന് സ്തുതിയും സ്തോത്രവും അർപ്പിക്കാം. എൽ.എം.എസ്.

മിഷണറിമാരെയും നമ്മുടെ പിതാമഹാന്മാരെയും മുൻഗാമികളെയും സഭാശുശ്രൂഷകരെയും തലമുറകളായും നന്ദിയോടെ ഓർക്കുന്നു. മിഷണറി ദൗത്യനിർവ്വഹണത്തിൽ മുന്നേറാം. ദൈവം നമുക്ക് ദാനം ചെയ്ത കോൺഗ്രിഗേഷണൽ പാരമ്പര്യത്തിനായി നന്ദി പറയാം. വന്ന വഴികളെ മറക്കാതിരിക്കാം. ദൈവത്തെ മുറുകെ പിടിക്കാം.

കഴിഞ്ഞ ചില വർഷങ്ങളായി എം.എം. ചർച്ചിന്റെ പേര് മാറ്റാനും, ആധിപത്യം പുലർത്താനും തിരുവചനത്തിനും സി.എസ്.ഐ. ഭരണഘടനയ്ക്കും വിരുദ്ധമായി സ്വാർത്ഥ താല്പര്യങ്ങൾക്ക് വിധേയപ്പെടുത്താനുമായി അധർമ്മവും അന്യായവുമായ തന്ത്രങ്ങൾ പ്രയോഗിക്കാൻ തുടരെത്തുടരെ മഹായിടവകയിലെ ചില ഭാരവാഹികൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ എം.എം. ചർച്ചിന്റെ അംഗങ്ങൾക്ക് ഐക്യത്തോടും പ്രാർത്ഥനയോടും ദൈവനിയോഗ പ്രകാരമുള്ള സാക്ഷ്യം നിറവേറ്റാൻ ദൈവം ഏവർക്കും ശക്തി പകരട്ടെ. 188-ാം കോൺഗ്രിഗേഷണൽ ദിനാചരണം (10-05-2026) ലക്ഷ്യപ്രാപ്തിക്കായി നമ്മുടെ കർത്താവായ യേശുക്രിസ്തു നമ്മെ അനുഗ്രഹിക്കട്ടെ.

---

# BEING AMBASADORS OF CHRIST

**Mathew Samuel**

The question is how we will take our place in society in India when most times we are still struggling with our own problems. Challenges will remain but we Christians are the ones who have the answers. We know that since we have the Word of God in the form of the Bible. However, **in a world which is hostile to Christ and Christians, we have to provide the answers with sensitivity to our culture and society**. We need to stand firm and should put ourselves out there.

Life was never supposed to be easy for true followers of Christ. He said, "For My yoke is easy and My burden is light." (Matthew 11:30). So it's tough but not as tough as trying to make it in this world with Him. We have the responsibility and we also have the duty. So **the question is will we as Christians rise to the task** and stretch the envelope as

# Ward Convention - LMS PALAYAM

The Ward Convention of Mateer Memorial CSI Church, LMS- Palayam was conducted on Sunday, 26th April 2026, at the residence of Dr. Linsa Retnalal. Many members actively participated in the meeting. Message was delivered by Sri. Abdul Samad C., Promotional Secretary, India Every Home Crusade. We thank the host family and all the members who attended and made the convention a blessing.




# Weekly Food distribution at RCC



**Those who wish to support or participate may contact:**
**Jothi Sathianess: +91 98951 87978, Adv. Roy Y. A.: +91 80892 96427,**
**Ceragil Austin Prince: +91 90378 19570**

# CIRCLE PRAYERS

## Circle prayer at the residence of Mrs. Jeevaretnam










എം എം ചർച്ച് ക്വയർ പ്രാക്ടീസിന്റെ സമയം പള്ളി തുറക്കാത്തതിനെ തുടർന്ന്
അംഗങ്ങൾ മുറ്റത്ത് ഇരുന്ന് പ്രാക്ടീസ് നടത്തുന്നു.

# CIRCLE PRAYERS

## Circle prayer at the residence of Er. Premula Morris







## Circle prayer at the residence of Mrs. Jayapramela








## Good Friday Refreshment Preparation and Serving by MM Church CEYF



## CSI MM CHURCH CEYF GOAL 2026 TEENS CAMP



much as we can. We know that God will not leave us alone for Jesus said, "and lo, I am with you always, even to the end of the age", Matthew 28:20.

In India over 50 percent of the population is under the age of 25 which means they are all in the age group where most of their lives are ahead of them. For these millions, since the population of India is well over 1.20 billion, we do not even have sufficient number of people to reach out.

**Youth connect to the youth best so we need to have a vision to prepare our youth.** It's not enough that they know Christ as their personal saviour, which is still a fraction of all who call themselves Christians, but **it is important that they have a burden to reach out to their friends who are perishing without Christ.**

We have the knowledge which we cannot keep to ourselves. We know Christ today, because someone told us about him and about his love and salvation. Now it is our turn. We have a responsibility. This is not the sole duty of the clergy and the missionaries. **We all are ambassadors of Christ. Let us do our part.**

The lives which are perishing daily, pains the spirit of God. It should hurt us also. We are seeing daily our brothers and sisters, our country people going down into moral abyss. We are the Light and Salt of this earth. **We need to take our place in society**. We have our work cut out, we need to act now.

**"YOU DON'T KNOW MY DAD!"**

Maths teacher asked Johnny, "If you had a hundred rupees and you asked your father for another hundred and fifty, how much money would you have?"

"One hundred", answered little Johnny.

"You don't know your basic maths" said the teacher shaking her head, disappointed.

Little Johnny shook his head too, "You don't know my Dad!"

# ക്രിസ്തീയ തമിഴ് ഗാനം



**Abiya S. Pramod**
Singer



**Pramod Viswanathan**
Music Composer



**Suseel Das**
Lyricist

ഉയിർത്തവരയ് നാം ആരാധിപ്പോം
ഉയിർതന്ത ദേവനെ ആരാധിപ്പോം
കല്ലെ ഉരുട്ടി കല്ലറൈ തിറന്ത
രക്ഷകനയ് നാം ആരാധിപ്പോം

നാം ആരാധിപ്പോം (2)
രക്ഷകനയ് നാം ആരാധിപ്പോം

1. അവർ മരിത്തതില്ലെ
ഇന്റും ജീവിക്കിറാർ
മരണത്തെയ് വെന്റവർ
പരലോകം സെന്റവർ
യേസു രാജൻ അവർ - നാം

2. എനക്കായ് പിറന്താർ
എനക്കായ് മരിത്താർ
ഉയിർത്തെഴുന്താർ അവർ
ജയ്ത്തെഴുന്താർ അവർ
യേസു രാജൻ അവർ - നാം

3. അവർ ഇങ്കേ ഇല്ലെ
അവർ ഉയിർത്തെഴുന്താർ
ഉയിർത്തവരെ നീങ്കൾ
തേടുവതെങ്കേ
യേസു രാജൻ അവർ നാം

രചന : സുശീൽ ദാസ്, ആർ ടി എം, സി. എസ്. ഐ., വലിയതുറ
സംഗീതം : പ്രമോദ് വിശ്വനാഥൻ, എം. എം. ചർച്ച്

***ഈ ഗാനത്തിന്റെ വീഡിയോ മിസ്. അബിയ എസ്. പ്രമോദ്, എം. എം. ചർച്ച്, പാടിയത് www.youtube.com/@viswasaires എന്ന വെബ് സൈറ്റിൽ കാണുവാൻ സാധിക്കും.***




Marriage Help is one of the 12 projects undertaken as part of the 120th Year (Double Diamond Jubilee) celebrations of Mateer Memorial CSI Church.

An aid of Rs. 40,000 was provided on 10th April 2026 to the bride's family, who are members of Kodiyannoor konam CSI Church.

We sincerely thank all the members who supported this initiative financially.

Marriage is a way of life instituted by God and Holy scripture commands all men and women to hold it in honour.

## CSI MATEER MEMORIAL CHURCH

### MEDICAL HELP

Through the generous contributions of our members, we were able to extend financial assistance for the treatment of (Late) Shine Kumari, wife of Mr. Saji Kumar Johnson and daughter-in-law of Johnson Kapiar.

Donations Received: Rs. 1,71,000

Amount Provided as Medical Help: Rs. 1,75,000

We sincerely thank all members who contributed towards this noble cause.

Let us continue to remember the bereaved family in our prayers.

## CROSSED JORDAN TO BE WITH THE LORD

| | | |
|---|---|---|
| Family No.<br>1156 | **Bella Rolands (95)**<br>TC II/3501, Lizene, Pattom,<br>Trivandrum, 695004<br>Died on 06-04-2026 |  |
| Family No.<br>1810 | **Shine Kumari (49)**<br>MRA 95, Chengaloor,<br>Poojappura, TVM<br>Died on 15-04-2026 |  |

*"Blessed are the dead who die in the Lord henceforth, 'Blessed indeed, says the spirit' that they may rest from their labours, for their deeds follow them! (Rev. 14:13)*




*"ബാലൻ തന്റെ നടപ്പിനെ നിർമലമാക്കുന്നത് എങ്ങനെ?*
*നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നേ"*
*സങ്കീർത്തനം 119:9*

# രക്ഷാനിർണയം പ്രാപിക്കുവിൻ

**ആർ. സ്റ്റാൻലി**

**ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന് എനിക്ക് അറിയാൻ കഴിയുമോ?**

അതെ, രക്ഷ എന്നത് വർത്തമാനകാല യാഥാർത്ഥ്യവും ഒരു ഭാവികാല പ്രത്യാശയുമാണ്. അപ്പൊസ്തലനായ യോഹന്നാൻ എഴുതുന്നു: 'നാം മരണം വിട്ട് ജീവനിൽ കടന്നിരിക്കുന്നു എന്ന് നമുക്ക് അറിയാം' നാം ദൈവത്തിൽ നിന്നുള്ളവർ എന്നു 'നാം അറിയുന്നു.' (1 യോഹ. 3:14;5:19)

നിങ്ങൾ ക്രിസ്തുവിനെ സ്വീകരിച്ച് അവങ്കൽ വിശ്വസിക്കുമ്പോൾ, ഒരു ദൈവപൈതലാകുന്നതിനുള്ള അധികാരം നിങ്ങൾക്ക് നല്കപ്പെടുകയാണ് (യോഹ. 1:12). നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു (അ.പ്ര. 16:31). നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടുകയും യേശുവിന്റെ രക്തത്താൽ നിങ്ങൾ കഴുകപ്പെടുകയും ചെയ്യുന്നു (വെളി. 1:6). പരിശുദ്ധാത്മാവിനാൽ ഈ നിർണ്ണയം നിങ്ങൾക്ക് ലഭിക്കുന്നു. നിങ്ങൾ ഒരു ദൈവപൈതലാണ് എന്ന സാക്ഷ്യം അവൻ നിങ്ങളുടെ ആത്മാവിൽ മുദ്രയിടുന്നു (റോമർ 8:16). അതിനായി ദൈവ വചനത്തെയാണ് പ്രധാനമായി ദൈവം ഉപയോഗിക്കുന്നത് (യോഹ. 20:31).

**നിങ്ങൾ രക്ഷിക്കപ്പെടുമ്പോൾ ചില അനുഭവപൂർവ്വമായ സൂചനകൾ കാണാം. കുറ്റബോധം നീങ്ങി രക്ഷയുടെ സന്തോഷം ഉണ്ടായിരിക്കും.** ദൈവത്തിനുവേണ്ടിയും അവന്റെ വചനത്തിനു വേണ്ടിയും ഒരു പുതിയ സ്നേഹം ജനിക്കും. പ്രാർത്ഥന ഒരു ആനന്ദ അനുഭൂതിയാകുന്നു. വിശുദ്ധമായി ജീവിക്കാനുള്ള താല്പര്യം പ്രകടമായിരിക്കും. ജീവിതത്തിന്റെ പൊതു വീക്ഷണം തന്നെ മാറും. ദൈവമക്കളുമായുള്ള കൂട്ടായ്മ ആനന്ദകരമായിത്തീരും. മറ്റുള്ളവരുടെ രക്ഷക്കായുള്ള ഹൃദയഭാരം സാധാരണ അനുഭവപ്പെടും. പൂർണ്ണ അളവിൽ ഇക്കാര്യങ്ങൾ എല്ലാം കണ്ടെന്നിരിക്കയില്ല; എന്നാൽ, ഒരു പുതുജനനം പ്രാപിച്ച പൈതൽ എന്ന നിലയ്ക്ക്, ഇക്കാര്യങ്ങളിൽ നിങ്ങൾ വളരുവാൻ ആരംഭിക്കും.

രക്ഷ എന്നത് വാസ്തവത്തിൽ മൂന്ന് കാലങ്ങളിൽപ്പെടുന്നു. **ഭൂതകാല രക്ഷ** എന്നാൽ, പാപത്തിന്റെ ശമ്പളത്തിൽ നിന്നുള്ള വിടുതലാണ്. **ഭാവികാല രക്ഷ** എന്നാൽ, പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നുള്ള വിടുതലാണ്. **വർത്തമാനകാല രക്ഷ**യുടെ അനുഭവത്തിൽ പരീക്ഷകൾ

ഇല്ലാതിരിക്കയില്ല. അതിനാൽ പരീക്ഷകളുടെ അതിപ്രസരം കണ്ട് ഭയപ്പെടേണ്ട. പരീക്ഷ പാപമല്ല, പരീക്ഷയ്ക്ക് കീഴ്പ്പെടുന്നതാണ് പാപം.

**സാത്താൻ കള്ളം പറയുന്നവനാണ്; അവന് ചെവി കൊടുക്കാതിരിപ്പിൻ.** നിങ്ങൾ ഇനിമേലാൽ ഒരു ദൈവപൈതലല്ല എന്ന് അവൻ പലപ്പോഴും നിങ്ങളോട് മന്ത്രിക്കും. നിങ്ങൾ പാപം ചെയ്യുമ്പോൾ പുത്രത്വം നശിച്ചു പോകുന്നില്ല എന്ന് ഓർത്തിരിക്കണം. എന്നാൽ ദൈവത്തോടുള്ള കൂട്ടായ്മ വിഛേദിക്കപ്പെടുന്നു. പാപം ഏറ്റുപറഞ്ഞ് അപ്പോൾ തന്നെ വിശുദ്ധീകരിക്കപ്പെടുവിൻ (1 യോഹ. 1:79) ദൈവകരങ്ങളിൽ നിങ്ങൾ സുരക്ഷിതരായിരിക്കും. ആർക്കും നിങ്ങളെ അപഹരിക്കാൻ കഴികയില്ല (യോഹ. 10:28, 29). സന്തോഷിപ്പിൻ!

## വേദപുസ്തക വീക്ഷണം

**മിറിയം സൂസൻ**

**ഒരു വിശ്വാസിക്ക് അവിശ്വാസിയെ വിവാഹം ചെയ്യാമോ?**

വിവാഹം ഒരു നുകമാണ്. വേദപുസ്തകം അസമാനമായ നുകത്തെ തടയുന്നു (2 കൊരി. 6:14). 'കാളയെയും കഴുതയെയും ഒന്നിച്ചു പൂട്ടി ഉഴരുത്' (ആവ.22:10).

**പഴയനിയമവും പുതിയനിയമവും ഒരുപോലെ എതിർക്കുന്നതാണ് അവിശ്വാസികളുമായുള്ള മിശ്രവിവാഹം.** വിശുദ്ധവിത്തിനെ ജാതികളുമായി കൂട്ടിക്കലർത്തുന്നതിനെ മ്ലേച്ഛത, അകൃത്യം, കുറ്റം എന്നീ വാക്കുകളിലൂടെയാണ് വചനം വെളിപ്പെടുന്നത് (എസ്രാ. 9:16). വിധവയായ ഒരു വിശ്വാസിക്കുപോലും അവിശ്വാസിയെ വിവാഹം ചെയ്യുവാൻ അനുവാദമില്ലായിരുന്നു. ഭർത്താവു മരിച്ചുപോയാൽ തനിക്കു മനസ്സുള്ളവനുമായി വിവാഹം കഴിക്കാൻ സ്വാതന്ത്ര്യം ഉണ്ട്; കർത്താവിൽ വിശ്വസിക്കുന്നവനുമായി മാത്രമേ ആകാവൂ (1 കൊരി. 7:34).

**ഒരു അവിശ്വാസിയെ വിവാഹം ചെയ്യുവാൻ നിങ്ങളുടെ മാതാപിതാക്കൾ നിർബന്ധിച്ചാൽപോലും, ഏതു കാരണമായാലും അതിനെ ശക്തമായി നിരാകരിക്കുക തന്നെ വേണം.** മാതാപിതാക്കളെ 'കർത്താവിൽ' ആണ് അനുസരിക്കേണ്ടത് (എഫെ.6:1). അവിശ്വാസിയായ ഒരു വ്യക്തിയുമായി നിങ്ങൾ അനുരാഗത്തിലായെങ്കിൽ, നിങ്ങളുടെ പ്രതിശ്രുത വധുവോ പ്രതിശ്രുത വരനോ യഥാർത്ഥത്തിൽ മാനസാന്തരപ്പെടുന്നില്ലെങ്കിൽ ആ ബന്ധം ഉടനെ അവസാനിപ്പിക്കുക. വിവാഹത്തിനായി സ്നാനപ്പെടുന്നവരെ സൂക്ഷിച്ചുകൊൾവിൻ.

# എം. എം. ചർച്ചിന്റെ ആതുര ശുശ്രൂഷയും ജീവകാരുണ്യ പ്രവർത്തനവും

**പി. കുമാർ**

പ്രിയപ്പെട്ട MM Church വിശ്വാസികളെ,

കുറച്ചു നാളുകളായി SKD (ദക്ഷിണകേരള മഹായിടവക) നേതൃത്വത്തിൽ ഉള്ള ചിലരും SKD യിലെ ചില പുരോഹിതന്മാരും MM Church-നെയും MM Church-ന്റെ Congregation-നെയും പുച്ഛിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നത് സാധാരണ യായിത്തീർന്നിരിക്കുന്നു. ഈ സാഹചര്യത്തിൽ MM Church-ലെ വിശ്വാസ സമൂഹമായ നാം അറിഞ്ഞിരിക്കേണ്ട സത്യങ്ങൾ ഇവിടെ വെളിപ്പെടുത്തട്ടെ.

1. മാനുഷിക കരുണയും കരുതലും പ്രകടിപ്പിക്കുന്ന ദാനധർമ പ്രവർത്തനങ്ങൾ മറ്റെല്ലാ സഭകളെയും പോലെ നമ്മുടെ സഭയുടെയും അവിഭാജ്യ ഘടകമാണ്. ക്രിസ്തുവിന്റെ സ്നേഹവും കരുണയും പ്രവർത്തികളിലൂടെ പ്രകടമാക്കുക എന്ന ദൈവീക വിളിയെ മുൻനിർത്തി MM Church അതിന്റെ ആരംഭം മുതൽ വിവിധ മേഖല കളിൽ അനേകം കാരുണ്യ പ്രവർത്തനങ്ങൾ നിർവഹിച്ചു കൊണ്ടിരിക്കുന്നു.

സാമ്പത്തികമായി ബുദ്ധിമുട്ടു അനുഭവിക്കുന്ന കുടുംബങ്ങൾക്ക് സാധു വിവാഹ സഹായം നൽകുക, രോഗികൾക്ക് ചികിത്സ സഹായം നൽകുക, വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം നൽകുക, ഭവനം ഇല്ലാത്തവർക്ക് ഭവനനിർമ്മാണ സഹായം നൽക്കുക എന്നിവയാണ് സാധാരണയായി MM Church ചെയ്യുന്ന കാരുണ്യ പ്രവർത്തനങ്ങൾ. ഈ സഹായങ്ങൾ ഒക്കെ തന്നെ SKD യുടെ കീഴിലുള്ള സാമ്പത്തി കമായി പിന്നോക്കം നിൽക്കുന്ന സഭകളിലെ വിശ്വാസ സമൂഹത്തിന് അതാതു presbyter മാരുടെ അറിവോടും അവരുടെ recommendation നെയും അടിസ്ഥാനമാക്കി ആണ് നൽകുന്നത്. ഇക്കാര്യം SKD യിലെ ഒട്ടുമിക്ക presbyter മാർക്കും ജനങ്ങൾക്കും അറിയാവു ന്നതാണ്. കൂടാതെ, കണ്ണമ്മൂല സെമിനാരിയിൽ പഠിച്ചു കൊണ്ടിരുന്ന ചില വിദ്യാർത്ഥികൾക്കും MM Church-ന്റെ സാമ്പത്തിക സഹായം ലഭ്യമാക്കാൻ ദൈവം MM Church-നെ എടുത്തു ഉപയോഗിച്ചു.

കഴിഞ്ഞ കുറച്ചു വർഷങ്ങളിൽ MM Church കാരുണ്യ പ്രവർത്തനങ്ങൾക്കായി ചെലവാക്കിയ തുകകൾ താഴെ പറയുന്നു

| | |
|---|---|
| 2018 - 19 (Rs. 17,74,211) | 2021 - 22 (Rs. 29,13,146) |
| 2019 - 20 (Rs. 17, 36,317) | 2024 - 25 (Rs.14,35,437) |
| 2020 - 21 (Rs. 16, 89,798) | 2025 - 26 (Rs. 19,97,584) |

ചുരുക്കിപ്പറഞ്ഞാൽ, കാരുണ്യ പ്രവർത്തനങ്ങൾക്കായി M M Church ചെലവാക്കിയ ഈ വൻ തുകയുടെ ഗുണഭോക്താക്കൾ SKD-യിലെ പാവപ്പെട്ട വിശ്വാസ സമൂഹം തന്നെയാണ്. ഈ സത്യം SKD നേതൃത്വത്തിലുള്ള ചിലരും ചില Presbyter മാരും വിശ്വാസസമൂഹത്തിൽ നിന്നും സ്വാർഥതാൽപ്പര്യങ്ങൾക്കായി മറച്ചുവക്കുകയും അവരെ M M CHURCH-നു എതിരെ പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

2. കൂടാതെ നമ്മുടെ Sub-Organizations വലിയ തോതിൽ കാരുണ്യ പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്.

3. പുതിയ പള്ളികൾ നിർമ്മിക്കുന്നതിനും പള്ളിക്കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനും പള്ളി പണിയുന്നതിനു സ്ഥലം വാങ്ങുവാനും ഒക്കെതന്നെ നമ്മൾ വലിയ തോതിൽ സഹായിച്ചിട്ടുണ്ട്.

4. ഇവ കൂടാതെ MM Church വർഷം തോറും ഭീമമായ തുക SKD യിൽ levy അടയ്ക്കുന്നുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങൾ MM Church, SKD യിൽ അടച്ച levy details ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2018 - 19 (Rs. 25,95,281) | 2021 - 22 (Rs. 24,27,439) |
| 2019 - 20 (Rs. 26,22,367) | 2024 - 25 (Rs. 1,60,001) |
| 2020 - 21 (Rs.24,14,297) | 2025 - 26 (Rs. 45,23,984) |

MM Church–ലെ വിശ്വാസികളായ നമ്മെ ആര് എന്തൊക്കെ ചെയ്താലും അടിയും, പുറത്താക്കലും, അപമാനവും അധിക്ഷേപിക്കലും ഒക്കെ നേരിടേണ്ടി വന്നാലും, യാതൊന്നും കാര്യമാക്കാതെ ദൈവത്തിൽ ആശ്രയിച്ചു മുൻപോട്ടു പോകുക. അവർ നമ്മെ തെറി പറഞ്ഞു സായൂജ്യം അടയട്ടെ. ഈ കണക്കുകളൊക്കെ പറയാൻ കാരണം SKD യിലെ വിശ്വാസ സമൂഹത്തെയും presbyter മാരെയും തെറ്റിധരിപ്പിക്കാനും അവരുടെയിടയിൽ സഭക്കെതിരായ ഒരു വികാരം ഉണ്ടാകുന്നതിനുമായി ചിലർ ശ്രമിക്കുന്നുണ്ട്. അത്തരം തെറ്റിദ്ധാരണകൾ മാറട്ടെ. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

# CROSSWORD PUZZLE - 25

Compiled by
**Premchand Johnson**



Nb: Questions are from both general knowledge and the Bible. Please whatsapp your answers to 9447018118 before 30th of every month.

**Down**

1. Prawn,shrimp,crab are ....etc (11)
2. "My punishment is more than i can ______" (4)
5. Flora and _________ (5)
6. A parallel bone to tibia (6)
11. You spend this in italy (5)
12. I dont know in messages (3)
14. Light detection and ranging (5)
15. An organism which feeds from a host (8)
17. Spiritual, non-physical beings (6)

**Across**

3. A bakers dozen (8)
4. Gen11:20 son of reu (5)
7. The act of making everything from nothing - bible (8)
8. Baby sheep (4)
9. Perfix for science, transmitter etc (5)
10. A spear used in an sports event (7)
13. Power generated from flowing water (13)
16. Unwanted emails - esp: Advertise ments (4)
18. Water plants which green color to the water body (5)
19. Young horse (4)
20. Capital of switzerland (4)
21. Fire or smoke in a hospital emer gency code (3)

**Answers to Crossword 24:** 1) Llama 2) Balm 3) Saints 4) Tibia 5) Drone 6) Curtain raiser 7) Folklore 8) Anatomy 9) Gaggle 10) Violet 11) Opines 12) Bovine 13) Capernaum 14) Pods 15) Idea 16) Seraphs 17) Posts 18) Ottowa 19) Reams

**WINNERS OF CROSSWORD 24 : Sreelatha, Megha Sunil, Jeslin Tibinet**

# BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Numbers 14-23. In these ten chapters we see how Israelites rebelled multiple times, each time God punishes them, Moses interceded, and God relented. Kindly, read these ten chapters before attempting the quiz. Please substantiate your answers by stating references (verse) from the Bible. The questions are prepared from the English Standard Version (ESV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam **before May 22nd** through email at churchvoicequiz@gmail.com

Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo. After taking a photo make sure that the answers are readable before sending it. Email is the only mode of communication.

*The Bible Quiz can be downloaded every month using the URL https://drive.google.com/drive/folders/1pYmyeEtOmltbG8DehtPcI5SUSxux-6zs You can also scan the QR code to go to the link.*

1. Which animal spoke in human tongue because the Lord opened its mouth?
2. Cord of which colour should be put on the tassel on each corner of the garments of the people of Israel throughout their generations?
3. Who tore their clothes?
4. At which place did the Lord tell Moses and Aaron that they would not enter the promise land?
5. Why did the Lord send fiery snakes among the people?
6. What was given to Aaron and his sons as gift by the Lord?
7. Son of Peleth?
8. What is the color of the heifer that is to be burned to ashes used for water of cleansing?
9. Against whom is there no enchantment?
10. Whose staff sprouted and bore ripe almonds?

---

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.*
*Please do go through the answers published every month, because I often value the submitted answers based on context rather than exactness.*

## The correct answers to the quiz from Numbers 4-13

1. Nazirite 6:3
2. Fourteenth day of the second month at twilight 9:11
3. Gershonite clans 4:24,25
4. 120 shekels 7:86
5. Miriam 12:15
6. Kibroth Hattaavah 11:33,34
7. The woman herself 5:31
8. Levites 8:18
9. Jephunneh 13:6
10. Two trumpets 10:2

List of people who had submitted the right answers to the quiz from Numbers 4-13

1. Meehal Godwin
2. Helen Saramma E. H.
3. Soben S. L.
4. Leela Bai S.
5. Reuben S. L.
6. Anie Reuben
7. Chandra John
8. Dora Johnson
9. Jothi Roberts
10. J. Sumangala
11. Nesakumari Davidson
12. Nisha Sanalkumar
13. Sreelatha V. P.
14. Salee Pramila D. P.
15. Latha Job
16. Lalitha Jacob
17. Gladis J.
18. Nirmala Lal Jayakumar
19. Sarojam T. S.
20. Megha Sunil
21. Princy Bose
22. Anitha Kingsley
23. J. Mershiha John
24. Jeslin Tibinet
25. Rohan J. Anil
26. Girly Rajesh John
27. Rajesh John Ross

List of people who submitted answers with one mistake

1.Sujana Satish
2.Mahil Ajith
3.Premila Janelet Sylam
4.Jolly David
5.Lilora P. R.
6.Archana S. P.

## മലയാളം പരിഭാഷ : മെയ് 2026, സംഖ്യപുസ്തകം 14–23

എല്ലാ മാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.

1. യഹോവ ഏതു മൃഗത്തിന്റെ വായ്തുറന്നപ്പോഴാണ് അതു മനുഷ്യഭാഷയിൽ സംസാരിച്ചത്?
2. യിസ്രായേൽ മക്കൾ തലമുറതലമുറയായി വസ്ത്രത്തിന്റെ കോൺതലെക്കലെ പൊടിപ്പിൽ ഏതു നിറത്തിലുള്ള ചരട് കെട്ടണം?
3. ആരാണ് വസ്ത്രം കീറിയത്?
4. യഹോവ ഏതു സ്ഥലത്തു വച്ചാണ് മോശെയോടും അഹരോനോടും അവർ വാഗ്ദത്തദേശത്ത് പ്രവേശിക്കയില്ല എന്ന് അരുളിചെയ്തത്?
5. യഹോവ ജനത്തിന്റെ ഇടയിൽ അഗ്നിസർപ്പങ്ങളെ അയച്ചത് എന്തുകൊണ്ട്?
6. യഹോവ അഹരോന്നും പുത്രന്മാർക്കും ദാനം ചെയ്തത് എന്ത്?
7. പേലെത്തിന്റെ മകൻ?
8. ശുദ്ധീകരണജലത്തിന്നായുള്ള ഭസ്മം ഏതു നിറത്തിലുള്ള പശുക്കിടാവിന്റേത് ആയിരിക്കേണം?
9. ആഭിചാരം പറ്റുകയില്ലാത്തത് ആർക്ക്?
10. ആരുടെ വടിയാണ് തളിർത്തു ബദാം ഫലം കായിച്ചിരുന്നത്?

# CSI M M CHURCH CEYF GOAL 2026 TEENS CAMP

The GOAL 2026 Teens Camp, organised by MM Church CEYF, was held from 8th to 11th April 2026 at JMM Study Center, Mannanthala. The camp was inaugurated by Dr. Christenson E. Sarasam. Er. Ceragil Austin Prince served as the Camp Convenor. A total of 40 children participated in the camp.

Sessions were led by Mr. Manoj Kenneth (Director, Youth For Christ), Mr. Bensic Miranda (Director, Institute of Christian Counselling, Trivandrum), Adv. Sarjine Thomas and Dr. Anish Anslem. Devotions were led by Adv. Asha Sarjine, Er. Reggie David and Adv. Roy Yesudas. Activities were led by Er. Ceragil Austin Prince, Adv. Roy Yesudas and Mr. Alan Frederick. Quiet time sessions were led by Mr. Binil G.Edwin and Er. Brigitta W. L.

Songs & Actions were led by Mr. Titto S. Babu, Mr. Alan Frederick, Mr. Handal Geoffrey, Ms. Anakha V. Wills, Ms. Arsha S. S., Ms. Nissy Ann Babu, Mrs. Ann Reshma Satheesh and Mrs. Ardhana Chandran. Worship sessions were led by Dr. Akshay Jacob, Mr. Alan Frederick, Mr. Titto S. Babu, Adv. Roy Yesudas and Mr. Binil G. Edwin. The dedication session was led by Er. Ceragil Austin Prince and Adv. Roy Yesudas. The campfire was led by Mr. Binil G. Edwin.

Mr. John Merfin served as Screen Coordinator, Mrs. Miriam Prince served as Discipline Co-ordinator and Mrs. Faeba Roy served as Session Support Co-ordinator, Mr. Binil G. Edwin served as food coordinator. Mr. Jijo Shibu and Mr. Handal Geoffrey served as Media Co-ordinators.

Families from our Church including Er. Joshi Das & Er. Anila Joshi, Adv. Sarjine Thomas & Adv. Asha Sarjine and Mr. Arun Wilson & Mrs. Anju Shalini stayed at the campsite to ensure the safety of participants. The closing function was inaugurated and prizes were distributed by Mr. L. J. Padmakumar. Members of CEYF served as volunteers and effectively coordinated the camp. We thank all members of MM Church who supported the camp through prayers and financial contributions.

**Team CEYF**

# $1^{st}$ Death Anniversary

*"Even though I walk through the valley of the shadow of death, I will fear no evil, for you are with me" - Psalm 23:4.*

## IN EVER LOVING MEMORY OF



## SASIKUMAR PATHROSE

(18-08-1955 to 24-04-2025)

Retired Bank Manager in Co-operative Bank, Trivandrum

*"In memory of a life so beautifully lived ...a heart so deeply loved us"*

Mrs. Suja Sasikumar (Wife)
Er. Arun Petros, Dr. Ancy Esther Rose (Children)
Er. Lusine Arun (Daughter-in-law)
Ms. Sophie Petros (Grand daughter)

# MM Church Teens Camp 2026 Conducted by CEYF




# MM Church Teens Camp 2026 (Different Sessions)

